മുഴുവനും ഒറ്റത്തവണയായി അടച്ചുതീർക്കാൻ കഴിയാതെവരുന്ന വായ്പക്കാർക്ക് 31-3-2001-ലെ ബാക്കി നില്പ് തുകയുടെ (മുതലും പലിശയും ചേർന്ന തുക) 10% അഡ്വാൻസായി 31-12-2003-ന് മുമ്പ് അടയ്ക്കാവുന്നതും ശേഷിക്കുന്ന തുക 10 പ്രതിമാസ തവണകളായി 31-3-2001 മുതൽ 12% പലിശയോടുകൂടി അടച്ചുതീർക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, അർബൻ ബാങ്കുകൾ, മറ്റു പ്രൈമറി, ക്രെഡിറ്റ് സംഘങ്ങൾ എന്നിവയെ വൺ ടൈം സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങളിൽ 31-12-2003 വരെയും സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ 31-3-2004 വരെയുമാണ് ടി പദ്ധതിയുടെ കാലാവധിയായി നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

സഹകരണ ആശുപത്രികൾക്ക് വായ്പ

83 [4962] ശ്രീ. എൻ. ശക്തൻ:
„ പി. ജെ. ജോയി:
„ വി. ജെ. പൗലോസ്:
„ എൻ. ഡി. അപ്പച്ചൻ:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ 'സഹകരണ ആശുപത്രികൾക്ക് പത്തു ലക്ഷം രൂപയിൽ കൂടുതൽ വായ്പയായോ സംഭാവനയായോ നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം സഹകരണ ആശുപത്രികൾക്കാണ് ഇപ്രകാരം നൽകിയത്;

(സി) അതിൽ ഏതെങ്കിലും ആശുപത്രിക്ക് നൽകിയ സംഭാവന തിരിച്ച് പിടിക്കണമെന്ന് നബാർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സഹകരണ ആശുപത്രിക്ക് നൽകിയ സംഭാവനയാണ് തിരിച്ചുപിടിക്കുവാൻ നിർദ്ദേശിച്ചത്;

(ഇ) പ്രസ്തുത നിർദ്ദേശമനുസരിച്ച് തുക തിരിച്ചുപിടിച്ചുവോ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലാ സഹകരണ ബാങ്കുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇല്ല.

(ഡി, ഇ) ചോദ്യം പ്രസക്തമല്ല.

വനിതാ സഹകരണ സംഘങ്ങൾ

84 [4963] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര വനിതാ സഹകരണ സംഘങ്ങളാണ് ഉള്ളത്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) വനിതാ സഹകരണ സംഘങ്ങളുടെ അപ്പെക്സ് സംഘമായി ഒരു സംസ്ഥാന വനിതാ സഹകരണ ബാങ്കും ജില്ലകളിൽ ഓരോ ജില്ലാ സഹകരണ ബാങ്കും രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 709.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി, ഡി) വനിതാ സഹകരണ സംഘങ്ങൾക്കായി സംസ്ഥാന വനിതാ സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കാർഷിക ഗ്രാമവികസന ബാങ്കിൽ വസ്തു വാങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ചെലവഴിച്ച തുക

85 [4964] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ വസ്തു വാങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ കർഷകർ വലിയ പ്രതിസന്ധി നേരിടുമ്പോഴും കാർഷിക വികസന ബാങ്കുകളിൽ കുടിശ്ശിക നിലവാരം വൻതോതിൽ ഉയരുമ്പോഴും ഇത്തരത്തിൽ വസ്തുക്കൾ വാങ്ങാനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനും സർക്കാർ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly